DESPATCHED
On...25/02/2020

31/01/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**ഹർജി നമ്പർ CP.No. 866(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 12274/SIC-G7/2018**

സന്നിഹിത

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. ശശി,
കാവിൽ പുത്തൻവീട്
മരു: സൗത്ത്,
ആലുംകടവ് പി.ഒ.,
കരുനാഗപ്പള്ളി.** } പരാതിക്കാരൻ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
മുനിസിപ്പാലിറ്റി ഓഫീസ്,
കരുനാഗപ്പള്ളി, കൊല്ലം.** } എതിർകക്ഷി

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 06.09.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | .......... |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 24.10.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, പരാതിക്കാരന്റെ വീടിന്റെ അടുത്ത് പുതുതായി Flour Mill തുടങ്ങുവാനും തുടർന്ന് പ്രവർത്തിക്കുവാനും പരിസരവാസിയായ ടിയാനിൽ നിന്നും സമ്മതപത്രം വാങ്ങി നൽകിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ പകർപ്പ്.

2. എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച ടി അപേക്ഷക്ക് 45 ദിവസമായിട്ടും വിവരം ലഭ്യമാക്കിയിട്ടില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്,

**07.09.2018 തീയതി ടി ഓഫീസിൽ സ്വീകരിച്ച** വിവരാവകാശ അപേക്ഷയ്ക്ക് 05.10.2018 തീയതി **ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകികൊണ്ട്** മറുപടി നൽകി എന്നാണ്. എഴുതി നൽകിയ **സ്റ്റേറ്റ്മെന്റിലും ഇതേ കാര്യം തന്നെയാണ്** അറിയിക്കുന്നത്.

**3.** **പരാതി ഹർജിയും മറ്റ്** അനുബന്ധരേഖകളും ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും **പരിശോധിക്കുമ്പോൾ, ഫീസ്** ഒടുക്കാൻ നിർദ്ദേശം നൽകികൊണ്ട് ഒരു മറുപടി **എസ്.പി.ഐ.ഒ. നൽകിയതായി കാണുന്നുണ്ട്** എങ്കിലും പരാതിക്കാരൻ ഫീസ് ഒടുക്കി പകർപ്പ് **കൈപ്പറ്റിയിട്ടുണ്ടോ ഇല്ലയോ** എന്നത് വ്യക്തമല്ല. ഈ സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട **പകർപ്പ് ഈ ഉത്തരവ് കിട്ടി 7** ദിവസത്തിനുള്ളിൽ സൗജന്യമായി നൽകേണ്ടതാണ് എന്ന് **എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു.** ഇപ്രകാരം ഈ പരാതി ഹർജി **ഇന്നേ** ദിവസം **2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

RIGHT TO INFORMAT